15071
8/8/18

©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, വ്യാഴം<br>Thiruvananthapuram, Thursday | 2018 ജൂലൈ 26<br>26th July 2018<br>1193 കർക്കടകം 10<br>10th Karkadakam 1193<br>1940 ശ്രാവണം 4<br>4th Sravana 1940 | നമ്പർ<br>No. 2016 |

## കേരള സർക്കാർ

### വനം വന്യജീവി വകുപ്പ്

### വിജ്ഞാപനം

*2018 ജൂലൈ 25*
സ. ഉ. (അച്ചടി) നമ്പർ 9/2018/വനം. *തിരുവനന്തപുരം, 1193 കർക്കടകം 9*
*1940 ശ്രാവണം 3.*

**എസ്. ആർ. ഒ. നമ്പർ 511/2018.**—1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്റ്റിലെ (1986-ലെ 35) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 1990 ആഗസ്റ്റ് 28-ാം തീയതിയിലെ 6474/ബി1/90/വനം നമ്പർ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചതും 1990 സെപ്റ്റംബർ 12-ാം തീയതിയിലെ 867-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 1241/90-ാം നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തിൽ താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.

33/2942/2018/S-2.

ഭേദഗതി

മേൽപ്പറഞ്ഞ വിജ്ഞാപനത്തിൽ, പീഠികയിൽ "ഇതോടൊപ്പമുള്ള പട്ടികയിൽ പറയുന്ന പ്രദേശത്ത് നിൽക്കുന്ന യാതൊരു വൃക്ഷത്തെയും" എന്ന വാക്കുകൾക്ക് പകരം "ഇതോടൊപ്പമുള്ള പട്ടികയിൽ പറയുന്ന പ്രദേശങ്ങളിലെ 1960-ലെ കേരള ഭൂപതിവ് നിയമത്തിന്റെ (1960-ലെ 30) കീഴിലെ ചട്ടങ്ങൾ പ്രകാരം പതിച്ചുനൽകിയിട്ടുള്ള പട്ടയഭൂമികൾ ഒഴികെയുള്ള എല്ലാ ഭൂമികളിലും നിൽക്കുന്ന യാതൊരു വൃക്ഷവും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വേണു, വി.,
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

ഇടുക്കി ജില്ലയിൽ ചിന്നക്കനാൽ വില്ലേജിൽപ്പെടുന്ന ചിന്നക്കനാൽ അൺറിസർവ്വിലെയും, പള്ളിവാസൽ, വെള്ളത്തൂവൽ, കുഞ്ചിത്തണ്ണി, ആനവിരട്ടി എന്നീ വില്ലേജുകളിലെ പള്ളിവാസൽ അൺറിസർവ്വിലെയും എസ്.ആർ.ഒ. 1241/90-ാം നമ്പർ വിജ്ഞാപനം പ്രകാരം 1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്റ്റിന്റെ (1986-ലെ 35) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ വിജ്ഞാപനം ചെയ്ത സ്ഥലങ്ങൾ കാലാകാലങ്ങളിൽ ഏലക്കൃഷി നടത്തിവരുന്ന സ്ഥലങ്ങളാണ്. ഇവിടം വൃക്ഷങ്ങളുടെ സമൃദ്ധമായ വളർച്ചയ്ക്ക് സഹായകമാണ്. ഏലപ്പട്ടയ, ഏലപ്പാട്ട ഭൂമികളിലെ വൃക്ഷസമ്പത്തിന്റെ ഉടമസ്ഥത സർക്കാരിൽ നിക്ഷിപ്തമാണ്. ഈ പ്രദേശത്തെ വൃക്ഷസമ്പത്ത് നശിപ്പിക്കുന്നത് മണ്ണൊലിപ്പ്, ഉരുൾപൊട്ടൽ തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങളും സർക്കാരിന് ഭീമമായ സാമ്പത്തികനഷ്ടവും ഉണ്ടാക്കും. പ്രസ്തുത പ്രദേശങ്ങളിൽ, 1960-ലെ കേരള ഭൂപതിവ് നിയമത്തിന്റെ കീഴിലെ ചട്ടങ്ങൾപ്രകാരം പതിച്ച് നൽകിയിട്ടുള്ള പട്ടയഭൂമികൾ ധാരാളമുണ്ട്. ആയതിനാൽ, പ്രസ്തുത പ്രദേശങ്ങളിലെ വൃക്ഷ സംരക്ഷണ സാംഗതികളിൽ വ്യക്തത വരുത്തേണ്ടതുണ്ടെന്ന് ബോദ്ധ്യപ്പെടുകയും, മേൽ പ്രദേശങ്ങളിലെ, 1960-ലെ കേരള ഭൂപതിവ് നിയമത്തിന്റെ കീഴിലെ ചട്ടങ്ങൾ പ്രകാരം പതിച്ചുനൽകിയിട്ടുള്ള പട്ടയഭൂമികൾ ഒഴികെയുള്ള ബാക്കി എല്ലാ ഭൂമികളെയും ആയവയിലെ വിവേകശൂന്യമായ മരംമുറി തടയുന്നതിന് 1986-ലെ കേരള വൃക്ഷ സംരക്ഷണ നിയമത്തിലെ (1986-ലെ 35) 5-ാം വകുപ്പിന്റെ പരിധിയിൽ നിലനിർത്തുന്നതിന് എസ്.ആർ.ഒ. 1241/90-ാം നമ്പർ വിജ്ഞാപനം ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിക്കുകയുമുണ്ടായി.

മേൽപ്പറഞ്ഞ ആവശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.